(സി) ഇതിൽ എത്ര കർഷകർക്ക് നെല്ലിന്റെ വിലെ നൽകാനുണ്ട് ; ഈ ഇനത്തിൽ എന്ത് തുക നൽകുവാനുണ്ട് ;

(ഡി) ആലപ്പുഴ ജില്ലയിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവെത്ര ; ഇതിന്റെ മുഴുവൻ തുകയും കർഷകർക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനിയും എന്ത് തുക കർഷകർക്ക് നൽകുവാനുണ്ട് ;

(ഇ) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ നിന്നാണ് നെല്ല് സംഭരിച്ചത് ; പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ നൽകുവാനുള്ള തുക എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2013-2014 ഒന്നാം സീസണിൽ 135581.059 മെട്രിക് ടൺ നെല്ലും രണ്ടാം സീസണിൽ 400026.355 മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്.

(ബി&സി) 2013-14 ഒന്നാം സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും നൽകി കഴിഞ്ഞു. രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയിൽ ഏകദേശം 48 കോടി രൂപ നൽകുവാനുണ്ട്.

(ഡി) ആലപ്പുഴ ജില്ലയിൽനിന്നും 123872.979 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി 234.96 കോടി രൂപ മുഴുവനും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ പാടശേഖരങ്ങളിൽനിന്നും നെല്ല് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണത്തിന്റെ കുടിശ്ശികതുക

230 (7201) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്ന് നെല്ല് വാങ്ങിയ വകയിൽ നിലവിൽ നല്കാനുള്ള ആകെ കുടിശ്ശികത്തുക എത്രയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുതതുക മുഴുവനായി കർഷകർക്ക് എന്ന് കൊടുത്തുതീർക്കു മെന്ന് വ്യക്തമാക്കുമോ ;

(സി) കുടിശ്ശികത്തുക കൊടുത്തുതീർക്കാനുണ്ടായ കാലതാമസം കണക്കാക്കി കർഷകർക്ക് ന്യായമായ പലിശ നല്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ബാങ്കിൽനിന്ന് കർഷകർക്ക് നല്കുന്ന വായ്പാ പലിശയ്ക്കാനു പാതികമായി കുടിശ്ശിക തുകയ്ക്ക് പലിശ നല്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽനിന്നും സംഭരിച്ച മുഴുവൻ നെല്ലിന്റെ വിലയും ഇതിനോടകം നൽകിക്കഴിഞ്ഞു.

(ബി) ബാധകമല്ല.

(സി&ഡി) പരിശോധനകൾ നടത്തുന്നകാര്യം തീരുമാനിച്ചിട്ടില്ല

റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ നടപടി

231 (7202) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുള്ള ഭൂരിപക്ഷം കാർഡുടമകൾക്കും സബ്സിഡി പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ടാകുമെന്ന കാര്യം അറിവുള്ളതാണോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.പി.എൽ.(എസ്എസ്.) വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് നൽകുന്ന അരിയുടെ സബ്സിഡി, അരിയുടെ വില കുറച്ചുനൽകുന്നതിനു പകരം അവരവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി നേരിട്ട് നൽകുവാനുള്ള സംവിധാനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സിവിൽസപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 17-11-2012-ലെ സ.ഉ.(കൈ)നമ്പർ 32/12/ഭ.പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ മണ്ണെണ്ണയുടെ സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതിയും (DTCK 2012) വിഭാവനം ചെയ്തിരുന്നു. രണ്ട് പദ്ധതികളും നാളിതുവരെ ആരംഭിച്ചിട്ടില്ല. വ്യാപാരികളും ഇതര സംഘടനകളുമായി ചർച്ച ചെയ്തേ ഈ തീരുമാനം നടപ്പിലാക്കൂ.

(ബി) ഒരു കാർഡുടമയ്ക്കും സബ്സിഡിയുടെ പ്രയോജനം നഷ്ടമാകുന്ന അവസ്ഥയുണ്ടാവില്ല. സബ്സിഡി യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നു എന്നുറപ്പ് വരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly